# ഭക്ഷ്യസുരക്ഷയ്ക്കായി നെയ്‌ലേനി പ്രഖ്യാപനം

## മാലിയിലെ സെലുംഗുവിൽ നടന്ന ഭക്ഷ്യസുരക്ഷാ സമ്മേളനത്തിൽ അവതരിപ്പിച്ച നെയ്‌ലേനി പ്രഖ്യാപനം.

80 രാജ്യങ്ങളിൽനിന്നായി കർഷകർ, മത്സ്യബന്ധന തൊഴിലാളികൾ, കൈവേലക്കാർ, ഭൂരഹിതർ, നവസമൂഹങ്ങൾ, സ്ത്രീകൾ, പരിസ്ഥിതിവാദികൾ, ഉപഭോക്താക്കൾ എന്നീ വിഭാഗങ്ങളിൽനിന്നുള്ള 500 ഓളം പ്രതിനിധികൾ മാലിയിലെ സെലുംഗുവിലുള്ള നെയ്‌ലേനി എന്ന സ്ഥലത്ത് ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടിയുള്ള ആഗോള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി സമ്മേളിക്കുകയും നെയ്‌ലേനി പ്രഖ്യാപനം അവതരിപ്പിക്കുകയും ചെയ്തു. പ്രഖ്യാപനത്തിന്റെ പ്രസക്ത ഭാഗങ്ങൾ.



ഞങ്ങളിൽ പലരും ഭക്ഷ്യോല്പാദകരും ലോകത്തിനു മുഴുവൻ ഭക്ഷണം കൊടുക്കാൻ തയ്യാറുള്ളവരുമാണ്. ഭക്ഷ്യോല്പാദകരെന്ന നിലയിൽ ഞങ്ങളുടെ പൈതൃകം മാനവികതയുടെ ഭാവിയ്ക്കുതന്നെ നിർണായക ഘടകമാണ്. സ്ത്രീകളുടേയും മറ്റ് മതവിഭാഗങ്ങളുടേയും കാര്യത്തിൽ ഇത് തികച്ചും ശ്രദ്ധേയമാണ്. കാരണം അവർ ചരിത്രപരമായിത്തന്നെ ഭക്ഷണത്തേയും കൃഷിയേയും കുറിച്ച് അറിവുണ്ടാക്കുന്നവരും അതുകൊണ്ടുതന്നെ തഴയപ്പെട്ടവരുമാണ്. പക്ഷേ ഞങ്ങളുടെ ഇത്തരം ആരോഗ്യകരവും ഗുണമേന്മയുള്ളതുമായ ഭക്ഷ്യോല്പാദനത്തിന്റെ പൈതൃകം പുത്തൻ മൂലധന ഉദാരീകരണ ശക്തികളിൽ ചോദ്യം ചെയ്യപ്പെട്ടിരിയ്ക്കുകയാണ്.

ഭക്ഷ്യസുരക്ഷ അർത്ഥമാക്കുന്നത് പരിസ്ഥിതി സൗഹാർദ്ദത്തോടെ ഉല്പാദിപ്പിക്കുന്ന ആരോഗ്യകരവും സാംസ്കാരികത്തനിമയുമുള്ള ഭക്ഷണത്തിനുള്ള ജനങ്ങളുടെ അവകാശത്തെയാണ്. തങ്ങളുടെ മാത്രമെന്ന് പറയാവുന്ന ഭക്ഷണത്തേയും കൃഷിരീതികളേയും നിർവചിക്കാനുള്ള അവകാശത്തെയാണ്. അത് കമ്പനികളുടേയും വിപണിയുടേയും ആവശ്യങ്ങൾക്കതീതമായി, ഭക്ഷണം ഉണ്ടാക്കുന്നവരേയും ഉപഭോഗം ചെയ്യുന്നവരേയും ഭക്ഷണവ്യവസ്ഥയുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. വരുംതലമുറയുടെ താത്പര്യങ്ങളെ ഉൾക്കൊള്ളുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. അത്, ഇപ്പോൾ ഭക്ഷ്യ സാമ്രാജ്യം കയ്യാളുന്ന കമ്പനികളെ തടുക്കാനും തകർക്കാനുമുള്ള പദ്ധതി തയ്യാറാക്കാനും അതുവഴി തദ്ദേശീയർ ലക്ഷ്യമാക്കുന്ന ഭക്ഷ്യരീതികള്ക്കുവേണ്ട നിർദ്ദേശങ്ങൾ നൽകാനും സാധിക്കുന്നു.

### നമ്മൾ പോരാടുന്നതെന്തിനുവേണ്ടി?

എല്ലാവർക്കും ഗുണമേന്മയുള്ള, ആവശ്യത്തിനുള്ള, സാംസ്കാരികത്തനിമയുള്ള, ചിലവുകുറഞ്ഞ, ആരോഗ്യകരമായ ഭക്ഷണം പ്രദാനം ചെയ്യാൻ കഴിയുന്ന ഉല്പാദന രീതികളും നയങ്ങളും രൂപീകരിയ്ക്കാൻ.

ഭക്ഷ്യോല്പാദനത്തിൽ സ്ത്രീകളുടെ പങ്കും അവകാശങ്ങളും അംഗീകരിയ്ക്കുന്ന, തീരുമാനങ്ങളെടുക്കുന്നതിൽ സ്ത്രീകൾക്ക് പ്രാതിനിധ്യമുള്ള ഒരു ലോകത്തിനുവേണ്ടി.

എല്ലാ ജനങ്ങൾക്കും അവരവരുടെ രാജ്യത്ത് അഭിമാനത്തോടെ ജീവിയ്ക്കാനും ചെയ്യുന്ന അധ്വാനത്തിന് പ്രതിഫലം ലഭിയ്ക്കാനും അവരുടെതന്നെ വീടുകളിൽ തുടർന്നും ജീവിയ്ക്കാൻ അനുവദിയ്ക്കുന്നതുമായ ഒരു ലോകത്തിനുവേണ്ടി.

ഭൂമി, ജലം, സമുദ്രങ്ങൾ, വിത്തുകൾ, കന്നുകാലികൾ മറ്റ് ജൈവവൈവിധ്യങ്ങൾ എന്നിവയുടെ നിലനിന്നുപോകുന്ന നിർവ്വഹണം മൂലം ഭക്ഷ്യപാരമ്പര്യം, മത്സ്യജനുസ്സുകൾ, പരിസ്ഥിതി എന്നിവയെ പരിരക്ഷിക്കാവുന്ന ഒരു ലോകത്തിനുവേണ്ടി.

പാരമ്പര്യ അറിവ്, ഭക്ഷണം, ഭാഷ, സംസ്കാരം എന്നിവയുടെ വൈവിദ്ധ്യത്തെ തിരിച്ചറിയാനും ബഹുമാനിക്കാനും കഴിയുന്ന ഒരു ലോകത്തിനുവേണ്ടി.

### പോരാട്ടം ആർക്കെതിരെ?

മുതലാളിത്തം, പുത്തൻ ഉദാരീക

രണം, നവകൊളോണിയലിസം, ജീവിതത്തേയും ആവാസ വ്യവസ്ഥയേയും സ്രോതസ്സുകളേയും മാറ്റിമറിയ്ക്കുന്ന എല്ലാ രീതികൾക്കും അവയെ ഉദ്ഘോഷിയ്ക്കുന്ന ലോക ബാങ്ക്, സ്വതന്ത്ര വ്യാപാരക്കരാർ, ലോകകുത്തകകൾ തുടങ്ങിയ ഏജൻസികൾക്കും ജനകീയ താത്പര്യങ്ങൾക്ക് എതിരുനില്ക്കുന്ന സർക്കാരുകൾക്കുമെതിരേ.

അന്താരാഷ്ട്ര സമ്പദ് വ്യവസ്ഥയിൽ ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം ശേഖരിച്ച് അട്ടിയിടുന്നവർക്കെതിരെ.

ജനങ്ങൾക്കും ആരോഗ്യത്തിനും പരിസ്ഥിതിക്കും മുമ്പ് ലാഭത്തിന് മുൻഗണനകൊടുക്കുന്ന, നമ്മുടെ ഭക്ഷണവും ഭക്ഷ്യോല്പാദന രീതികളും കൈയാളുന്ന കമ്പനികൾക്കെതിരെ.

നമ്മുടെ ഭാവി ഭക്ഷ്യോല്പാദന ശേഷിയ്ക്ക് കടിഞ്ഞാണിടുന്ന സാങ്കേതികവിദ്യക്കും രീതികൾക്കുമെതിരെ. പരിസ്ഥിതിയെ പരിക്കേല്പിച്ച് നമ്മുടെ ആരോഗ്യത്തെ മോശപ്പെടുത്തുന്നവർക്കെതിരെ. സങ്കര വിളകളും മൃഗങ്ങളും അന്തക സാങ്കേതിക വിദ്യകളും വ്യാവസായിക മീൻവളർത്തൽ, ധവള വിപ്ലവം എന്നു പറയുന്ന വ്യവസായിക ക്ഷീരവികസനം, പഴയതും പുതിയതുമായ ഹരിത വിപ്ലവങ്ങൾ, 'പച്ചഭൂമി' എന്നു വിളിയ്ക്കുന്ന വ്യാവസായിക ജൈവ ഇന്ധന സംരംഭങ്ങൾ തുടങ്ങിയവയൊക്കെ ഇതിൽ പെടും. ഭക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ, അറിവ്, വെള്ളം, ഭൂമി, വിത്തുകൾ, കന്നുകാലികൾ എന്നിവയുടെ സ്വകാര്യവത്കരണത്തിനുമെതിരെ.

ജനങ്ങളെ ആട്ടിയോടിച്ച് പരിസ്ഥിതിയേയും പൈതൃക സമ്പത്തിനേയും നശിപ്പിയ്ക്കുന്ന വികസന പദ്ധതികൾക്കും വ്യവസായങ്ങൾക്കുമെതിരെ.

യുദ്ധം, സാമ്പത്തിക ഉപരോധം, ജനങ്ങളുടെ നിർബന്ധിത കുടിയിറക്കൽ, ഭൂമി പിടിച്ചെടുക്കൽ എന്നിവയെ സഹായിക്കുന്ന സർക്കാരുകൾക്കും ശക്തികൾക്കുമെതിരെ. ദുരിതാശ്വാസ പ്രവർത്തനത്തിന്റെ പേരിൽ നടത്തുന്ന പാരിസ്ഥിതിക തകർക്കലുകൾക്കെതിരെ.

നമ്മുടെ അവകാശങ്ങളെ സംരക്ഷിയ്ക്കുന്നവരെ കുറ്റവാളികളാക്കുന്നവർക്കെതിരെ.

ഭക്ഷ്യസഹായമെന്ന പേരിൽ ഭക്ഷണം ഒളിച്ചുവക്കുന്നവർക്കെതിരെ, ജനിതക മാറ്റ ഘടകങ്ങൾ വിപണിയിലിറക്കി ഭക്ഷണ രീതികളേയും വ്യവസ്ഥകളേയും പുത്തൻ കോളണികൾക്ക് അടിമപ്പെടുത്തുന്നവർക്കെതിരെ.

ലോകമെമ്പാടുമുള്ള പാർശ്വവത്കൃത സ്ത്രീകളേയും കാർഷിക വൈവിധ്യങ്ങളേയും മറ്റ് തനത് കൈവേലക്കാരേയും ആഗോളവൽക്കരിക്കുന്നവർക്കെതിരെ.

**നമുക്കെന്തുചെയ്യാൻ കഴിയും?**

നെയ്ലേനിയിൽ ഒരു സമ്മേളന സ്ഥലമുണ്ടാക്കാൻ സെലിംഗു ജനതയോട് ഞങ്ങൾ ഇടപഴകുമ്പോൾതന്നെ ഭക്ഷ്യ സുരക്ഷയ്ക്കുവേണ്ടിയുള്ള കൂട്ടായ മുന്നേറ്റത്തിനുള്ള ധാരണകൾ ആരായാനും പരസ്പരം സമരങ്ങളെ സഹായിയ്ക്കാനും, ലോകത്താകെയുള്ള സമാനചിന്താഗതിക്കാരോട് ഐക്യദാർഢ്യം പ്രഖ്യാപിയ്ക്കാനും ഞങ്ങൾ ബാധ്യസ്ഥരാണ്. ഭക്ഷ്യസുരക്ഷക്കുവേണ്ടിയുള്ള സമരങ്ങൾ അതെവിടെയായിരുന്നാലും നമ്മുടെകൂടി സമരമാണ്. ഈയൊരു ദർശനത്തിനുവേണ്ടി എല്ലാ ജനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരുപാടു കൂട്ടുസംരംഭങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനായി.

സമ്മേളനത്തിന്റെ ക്രോഡീകരണ രേഖയിൽ ഇതേക്കുറിച്ച് വിശദീകരിയ്ക്കുന്നുണ്ട്. നമ്മുടെ സ്വന്തം പ്രയത്നത്താലും മറ്റ് സംഘടനകളുമായി യോജിച്ചും ഈ സംരംഭങ്ങൾക്കുവേണ്ട നടപടികൾ നമ്മൾ അതതു സ്ഥലങ്ങളിൽ എടുത്തുതുടങ്ങും.

ഇപ്പോൾ നമ്മുടെകൂടെ നെയ്ലേനിയിലില്ലാത്തവരുമായി നമ്മുടെ ചിന്താഗതികളേയും ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടിയുള്ള ഭാവി നടപടി ക്രമങ്ങളെക്കുറിച്ച് ആശയവിനിമയം നടത്താം. അത് നെയ്ലേനിയുടെ വികാരം ലോകമെങ്ങും പകരാനും, ഭക്ഷ്യസുക്ഷയുടെ ആർജവം എല്ലാ സാധാരണ ജനങ്ങൾക്കും യാഥാർത്ഥ്യമാക്കുവാനും കഴിയും.

അവസാനമായി മാലിയിലെ എല്ലാതരം കർഷക മുന്നേറ്റങ്ങൾക്കും മാലിയിൽ ഭക്ഷ്യസുരക്ഷയാഥാർത്ഥ്യമാക്കണമെന്ന ആവശ്യങ്ങൾക്കും വേണ്ടിയും നിരുപാധികമായ പിന്തുണ പ്രഖ്യാപിച്ചുകൊള്ളുന്നു.

## അറിയിപ്പ്

സാമ്പത്തിക പ്രയാസങ്ങളാലും സാങ്കേതിക കാരണങ്ങളാലും കഴിഞ്ഞ മൂന്നു ലക്കങ്ങൾ, പേജു കുറച്ച് ഒറ്റഷീറ്റിലാണ്, ഇറക്കാൻ കഴിഞ്ഞുള്ളൂ. എന്നാൽ എല്ലാ വരിക്കാർക്കും കൃത്യമായും അയയ്ക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

**കേരളീയത്തിന് സംഭാവന/സഹായം കിട്ടിയത്**

10 വർഷം പിന്നിടുന്ന കേരളീയം കൂട്ടായ്മയ്ക്ക് സുഹൃത്തുക്കളിൽ നിന്നും അഭ്യുദേയകാംക്ഷികളിൽ നിന്നും നല്ല പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. താഴെ പറയുന്നവ സാമഗ്രികളും സേവനങ്ങളും കേരളീയത്തിനു ലഭിച്ചത് സന്തോഷപൂർവ്വം വായനക്കാരുമായി പങ്കുവെയ്ക്കുന്നു.

1. ഡിജിറ്റൽ ക്യാമറ - മൊഹ്സ്സീൻ, മസ്ക്കറ്റ്
2. ഡിജിറ്റൽ റെക്കോർഡർ - ഒരു സുഹൃത്ത്, കിരാലൂർ
3. മോപ്പഡ് - രഞ്ജിനി & പ്രകാശൻ, തിരുവനന്തപുരം
4. സ്കൂട്ടർ - ഒരു സുഹൃത്ത്, അയ്യന്തോൾ
5. മെമ്മറി കാർഡ് - ഒരു സുഹൃത്ത്, തൃശ്ശൂർ
6. കമ്പ്യൂട്ടർ മോണിറ്റർ - കുരിയാച്ചൻ, തിരുവനന്തപുരം.
7.
8.

കേരളീയത്തിന് ഇനിയും പലതും ആവശ്യമുണ്ട്. ഉപയോഗക്ഷമമായ കമ്പ്യൂട്ടർ, ലാപ്ടോപ്, മേശ, അലമാര, റാക്കുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ,............. സന്നദ്ധ പ്രവർത്തകർ.